മംഗളം

July 27, 2016

# മത്സ്യമേഖലയെ മെച്ചപ്പെടുത്താൻ നിയന്ത്രണം: മന്ത്രി

കൊച്ചി: മത്സ്യമേഖലയെ അഭിവൃദ്ധിപ്പെടുത്തുന്നതിന് ആവശ്യമായ നിയന്ത്രണങ്ങൾ കൊണ്ടുവരുമെന്ന് ഫിഷറീസ്മന്ത്രി ജെ. മെഴ്സിക്കുട്ടിയമ്മ.

കൊച്ചിയിൽ കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിൽ (സി.എം.എഫ്.ആർ.ഐ) നടന്ന ഫിഷറീസ് ഗവേഷണ സ്ഥാപന മേധാവികളുമായുള്ള കൂടിയാലോചനാ യോഗത്തിൽ സംസാരിക്കുകയായിരുന്നു മന്ത്രി.

കഴിഞ്ഞ ആറിന് നടന്ന കൂടിയാലോചന യോഗത്തിന്റെ തുടർച്ചയായാണ് ഇന്നലെ സി.എം.എഫ്.ആർ.ഐയിൽ യോഗം ചേർന്നത്. യോഗത്തിൽ വിദഗ്ധർ അവതരിപ്പിച്ച നിർദ്ദേശങ്ങൾ പരിഗണിച്ച് പ്രവർത്തന പദ്ധതി രൂപപ്പെടുത്തുമെന്ന് മന്ത്രി ഉറപ്പ് നൽകി.

മത്സ്യബന്ധനം, സംരക്ഷണം, സംസ്കരണം, വിപണനം തുടങ്ങി വിവിധ മേഖലകളിൽ നിലവിലുള്ള അനിയന്ത്രിതവും അശാസ്ത്രീയവുമായ രീതികൾക്ക് കടിഞ്ഞാണിടും. മത്സ്യബന്ധനത്തിനുള്ള വലകളുടെ വലിപ്പം, മത്സ്യബന്ധന ദൂരപരിധി, പിടിക്കാവുന്ന മത്സ്യങ്ങളുടെ വലിപ്പം തുടങ്ങിയവ ശാസ്ത്രീയമായി നിശ്ചയിക്കും. ബോട്ട് യാർഡുകൾക്ക് രജിസ്ട്രേഷൻ സംവിധാനം ഏർപ്പെടുത്തും.

വിവിധ ഗവേഷണ സ്ഥാപനങ്ങളും സർക്കാർ ഏജൻസികളുടെയും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കും. ആഴക്കടൽ മത്സ്യബന്ധനത്തിന് ഉന്നത നിലവാരത്തിലുള്ള യാനങ്ങൾ ഗവേഷണ സ്ഥാപനങ്ങളുടെ സഹായത്തോടെ രൂപകൽപന ചെയ്ത് നിർമിക്കും.

ജലകൃഷിയിൽ മുന്നേറുന്നതിന് സംസ്ഥാനത്തെ ഹാച്ചറി സംവിധാനങ്ങൾ മെച്ചപ്പെടുത്തും. തള്ളമത്സ്യങ്ങളെ ഉപയോഗിച്ച് രോഗാണുവിമുക്ത (എസ്.പി.എഫ്) മത്സ്യക്കുഞ്ഞുങ്ങളെ ഉൽപാദിപ്പിക്കുന്നതിന് കൂടുതൽ ഊന്നൽ നൽകുമെന്നും മന്ത്രി കൂട്ടിച്ചേർത്തു.

കേരളത്തിൽ പ്രവർത്തിക്കുന്ന ഫിഷറീസ് ഗവേഷണ സ്ഥാപനങ്ങളിൽ നിന്നുള്ള ശാസ്ത്രവിദ്യകൾ യഥാസമയം മത്സ്യത്തൊഴിലാളികളിലേക്കും കർഷകരിലേക്കും എത്തിക്കുന്നതിന് ഒരു സ്ഥിരം സംവിധാനം കൊണ്ടുവരും. ഇതിനായി എല്ലാ ഗവേഷണ സ്ഥാപനങ്ങളെയും ഉൾപ്പെടുത്തി ഒരു സമിതി രൂപീകരിക്കുമെന്നും അവർ പറഞ്ഞു.

സി.എം.എഫ്.ആർ.ഐ ഡയറക്ടർ ഡോ.എ. ഗോപാലകൃഷ്ണൻ, ഫിഷറീസ് ഡയറക്ടർ മിനി ആന്റണി, സി.ഐ.എഫ്.ടി ഡയറക്ടർ ഡോ.സി.എൻ. രവിശങ്കർ, കുഫോസ് വൈസ്ചാൻസലർ ഡോ.എ.രാമചന്ദ്രൻ, സാഫ് എക്സിക്യൂട്ടീവ് ഡയറക്ടർ സി.ആർ. സത്യവതി എന്നിവർ സംബന്ധിച്ചു. എം.പി.ഇ.ഡി.എ, സിഫ്നെറ്റ്, നിഫാറ്റ്, എഫ്.എസ്.ഐ, എൻ.ബി.എഫ്.ജി.ആർ, സിഫ്റി, സി.എം.എൽ.ആർ.ഇ, ഇ.ഐ.എ എന്നീ സ്ഥാപനങ്ങളിലെ പ്രതിനിധികളും യോഗത്തിൽ സംബന്ധിച്ചു.